കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.368/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 07.02.2018

---

വായന :- 1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2017 ലെ കത്തും 24.10.17 ലെ 15(1)-ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.46 നമ്പർ തീരുമാനം

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകാൻ 2017 - 18 ൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും (പ്രോ.നം.143/18) 10 ഗുണഭോക്താക്കളാണുള്ളതെന്നും ഇതിൽ 5 ഗുണഭോക്താക്കളായ കുട്ടികളുടെ മുത്തശ്ശന്മാരുടേയും മുത്തശ്ശിമാരുടേയും പേരിലാണ് വീടും സ്ഥലവുമെന്നും അതിനാൽ ഇവർക്ക് പഠനമുറി നൽകാൻ കഴിയുന്നില്ലെന്നും ഇവർക്ക് കൂടി ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിലെ 4.46 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞവർക്ക് കൂടി പഠനമുറി നൽകാൻ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
പ്രസിഡണ്ട്, മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എ.ക്ക്

അംഗീകാരത്തോടെ

[signature]

സെക്ഷൻ ഓഫീസർ